വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ്

* 378. [406] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കേരളത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിച്ചിട്ട് എത്ര കാലമായി ;

(ബി) ഇതുവരെ എത്രപേർ ഈ കോഴ്സ് പാസ്സായി ;

(സി) ഈ കോഴ്സ് പാസ്സാകുന്നവർക്കു പി. എസ്. സി. മുഖേന നിയമനം നൽകുമെന്ന് ഗവൺമെന്റ് ഉറപ്പ് നൽകിയിരുന്നോ ;

(ഡി) ഇവരിൽ എത്രപേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട് ;

(ഇ) ഈ കോഴ്സിൽ പരാജയപ്പെടുന്നവർക്ക് വീണ്ടും പരീക്ഷ എഴുതാൻ അവസരമുണ്ടോ ; ഉണ്ടെങ്കിൽ എത്ര തവണ ;

(എഫ്) ഉന്നാക്കടലാസ്സുകൾ റീ വാല്യൂ ചെയ്യാൻ ഇപ്പോൾ വ്യവസ്ഥ ഉണ്ടോ ; ഇല്ലെങ്കിൽ റീ വാല്യൂവേഷനുള്ള സംവിധാനം ഉണ്ടാക്കുമോ ;

(ജി) വി. എച്ച്. എസ്. സി. പാസ്സായവർക്ക് ബി. എസ്. സി. അഗ്രിക്കൾച്ചർ, ബി. വി. എസ്സി. മുതലായ കോഴ്സുകളിൽ സീറ്റ് സംവരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) കോഴ്സ് തുടങ്ങിയിട്ട് മൂന്നുവർഷമായി. 1983-84-ലാണ് ഇത് ആരംഭിച്ചത്.

(ബി) മൊത്തം 719 പേർ പാസ്സായിട്ടുണ്ട്.

(സി) കോഴ്സ് പാസ്സാകുന്നവർക്ക് പി. എസ്. സി. മുഖേന നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.

(ഡി) കോഴ്സ് പാസ്സായവരിൽ ചിലർക്ക് താൽക്കാലിക നിയമനം ലഭിച്ചിട്ടുണ്ട്. ചിലർ സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടി പ്രകാരം ചില തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ട്. സഹകരണാടിസ്ഥാനത്തിൽ ഇവർക്കുവേണ്ടി തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും നടപടികൾ എടുത്തുവരുന്നു. വിവിധ വകുപ്പുകളിലെ തസ്തികളിലേക്ക് പി. എസ്. സി. മുഖേന നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ഈ കോഴ്സ് യോഗ്യതയായി അംഗീകരിച്ചു വിവിധ തസ്തികകളിലേക്ക് നിയമനം നൽകുന്നതിന് പ്രസ്തുത വകുപ്പുകളുടെ സ്പെഷ്യൽ റൂളുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ അപ്രൻറീസ് ആക്ടിന്റെ കീഴിൽ ഈ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി 200 രൂപ സ്റ്റൈഫന്റോടുകൂടിയ 6 മാസത്തെ പരിശീലനം നൽകുന്നതിനും സംവിധാനം ഉണ്ട്. പ്രതിവർഷം 500 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് കരുതുന്നു. പരിശീലനത്തിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു.

(ഇ) ഈ കോഴ്സിൽ പരാജയപ്പെടുന്നവർക്ക് പരീക്ഷ പാസ്സാകുന്നതുവരെ വീണ്ടും എഴുതുവാനുള്ള അവസരം ഉണ്ട്. എന്നാൽ ഒരുവർഷം ഒരു തവണ മാത്രമേ പരീക്ഷ നടത്താനുള്ള സംവിധാനം ഇപ്പോഴുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉത്തരക്കടലാസുകളിലെ മാർക്കുകൾ വീണ്ടും കൂട്ടിനോക്കി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ഉണ്ട്. ഈ വാല്യുവേഷനുള്ള സംവിധാനം ഉടൻ ഏർപ്പെടുത്തുന്നതാണ്.

(ജി) പ്രസ്തുത പ്രൊഫഷണൽ കോഴ്സുകളിൽ പ്രൊസ്പാഹന മെന്ന നിലയിൽ ഒന്നോ രണ്ടോ സീറ്റുകൾ സംവരണം ചെയ്യാൻ നടപടി എടുത്തു വരുന്നു.

ജനറൽ ബോഡിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിടപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ.

*379. [407] ശ്രീ. സി.ടി. അഹമ്മദ് അലി :
,, കെ.പി.എ. മജീദ് :
,, പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനറൽബോഡി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ എത്ര പ്രാഥമിക സഹകരണ ഭരണസമിതികൾ പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) പിരിച്ചുവിടപ്പെട്ട എത്ര സഹകരണ സംഘങ്ങളിൽ തെരഞ്ഞെടുപ്പു നടന്നു ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ജനറൽ ബോഡി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിടാൻ വ്യവസ്ഥകൾ നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സഹകരണ രജിസ്ട്രാറുടെ അധികാരം

*380. [408] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ രജിസ്ട്രാർ തന്റെ അധികാരം ആർക്കെല്ലാം ഡെലിഗേറ്റ് ചെയ്തു കൊടുക്കുന്നുണ്ട് ;

(ബി) അസിസ്റ്റന്റ് രജിസ്ട്രാർക്കും ഇൻസ്പെക്ടർമാർക്കും അധികാരം ഡലിഗേറ്റ് ചെയ്തു കൊടുക്കുന്നത് അസാധുവാണെന്ന് കോടതി വിധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതിന്റെ അടിസ്ഥാനത്തിൽ നിരവധി ആർബിട്രേഷൻ കേസ്സുകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) സഹകരണ സംഘം രജിസ്ട്രാർക്ക് തന്റെ അധികാരം മറ്റാരുടെയും ഡെലിഗേറ്റ് ചെയ്തു കൊടുക്കുവാൻ അധികാരമില്ല. അതിനാൽ

LIBRARY ARCHIVES Kerala Legislative Assembly